സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്വേഷണ പ്രമുഖ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മെയ് 15 തിങ്കൾ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# 'പെരുമാറ്റം ഇഷ്ടപ്പെടാത്തത് കൊണ്ടാണ് കുത്തിയത്'

## സന്ദീപിനെ കസ്റ്റഡിയിൽ വാങ്ങാൻ പോലിസ്



കൊല്ലം: ഡോക്ടർ വന്ദന ദാസിനെ ആക്രമിക്കാൻ കാരണം അവരുടെ പെരുമാറ്റം ഇഷ്ടപ്പെടാത്തത് കൊണ്ടാണെന്ന് കൊലക്കേസ് പ്രതി സന്ദീപ്. കഴിഞ്ഞ ദിവസമാണ് സന്ദീപ ് ഡോക്ടർമാരോട് ഇക്കാര്യം പറഞ്ഞത്. ഇത് അന്വേഷണ സംഘം പൂർണമായും വിശ്വസിക്കുന്നില്ല. കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യുന്നതിലൂടെ അക്രമത്തിലേക്ക് നയിച്ച കാരണത്തിൽ കൂടുതൽ വ്യക്തത വരുമെന്നാണ് ക്രൈംബ്രാഞ്ചിന്റെ വിലയിരുത്തൽ. അതിനാൽ പ്രതിയെ കസ്റ്റഡിയിൽ വാങ്ങാൻ കോടതിയിൽ ഇന്ന് അപേക്ഷ നൽകും. ഡോ. വന്ദനദാസ് കൊലപാതകത്തിലെ പ്രതി സന്ദീപിന് മാനസിക പ്രശ്നങ്ങൾ ഇല്ലെന്ന് ഡോക്ടർമാർ നേരത്തെ സാക്ഷ്യപ്പെടുത്തിയിരുന്നു. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ ജയിലിലെത്തിയാണ് സന്ദീപിനെ പരിശോധിച്ചത്. ആശുപത്രിയിൽ കൊണ്ടു പോയി ചികിത്സിക്കേണ്ട മാനസിക പ്രശ്നങ്ങൾ ഇല്ലെന്നാണ് ഡോക്ടറുടെ റിപ്പോർട്ട്. സന്ദീപ് എല്ലാ കാര്യങ്ങളെ കുറിച്ചും കൃത്യമായി പ്രതികരിക്കുന്നുണ്ട്. അതേസമയം, സന്ദീപ് സ്വന്തം ചികിത്സാ ദൃശ്യങ്ങൾ അയച്ചത് സ്കൂൾ അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലേക്കാണ്. ജില്ലാ ക്രൈംബ്രാഞ്ച് നടത്തിയ അന്വേഷണത്തിലാണ് സ്കൂൾ അധ്യാപകരുടെ മൂന്ന് ഗ്രൂപ്പിൽ നിന്നും ദൃശ്യങ്ങൾ കണ്ടെത്തിയത്. ശാസ്ത്രീയ പരിശോധനയ്ക്കായി സന്ദീപിന്റെ ഫോൺ ഇന്ന് തിരുവനന്തപുരത്തെ ഫൊറൻസിക് സയന്റിഫിക് ലാബിലേക്ക് അയക്കും. കേസ് അന്വേഷണത്തിൽ കൂടുതൽ ശാസ്ത്രീയ തെളിവുകൾ കണ്ടെത്താൻ വേണ്ടിയാണ് ഈ നടപടി.ഈ മാസം 10നാണ് കൊല്ലം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ സന്ദീപ് അതിക്രമം കാണിച്ചത്. വനിതാ ഡോക്ടറും പോലിസുദ്യോഗസ്ഥരുമുൾപ്പെടെ അഞ്ച് പേരെ യുവാവ് കുത്തുകയായിരുന്നു. പുലർച്ചെ അഞ്ചു മണിയോടെയാണ് സംഭവമുണ്ടായത്. കുത്തേറ്റ് ഗുരുതരാവസ്ഥയിലായിരുന്നു ഡോ. വന്ദന വൈകാതെ മരിച്ചു. വീട്ടിൽ വച്ച് സന്ദീപ ് ആക്രമണങ്ങൾ നടത്തിയതിനെ തുടർന്ന് ബന്ധുക്കളാണ് പോലിസിനെ വിവരമറിയിച്ചത്. തുടർന്ന് പോലിസ് കസ്റ്റഡിയിലെടുത്ത പ്രതിയെ വൈദ്യപരിശോധനക്ക് എത്തിച്ചപ്പോഴായിരുന്നു അക്രമമുണ്ടായത്. ആശുപത്രിയിലെ കത്രിക കൈക്കലാക്കിയാണ് പ്രതി ആക്രമണം നടത്തിയത്. താൻ ലഹരിക്ക് അടിമയല്ലെന്ന് ജയിൽ ഉദ്യോഗസ്ഥരോട് സന്ദീപ് പറഞ്ഞു. സംഭവ ദിവസം മദ്യപിച്ചിരുന്നു. നാട്ടുകാർ തന്നെ മർദിച്ചു. നാട്ടുകാർ പിന്തുടർന്നപ്പോൾ പോലിസിനെ ആദ്യം വിളിച്ചു. പിന്നെ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് കുറ്റിക്കാട്ടിൽ ഒളിച്ചിരുന്നുവെന്നും സന്ദീപ് പറയുന്നു. കൊല്ലപ്പെടുമെന്ന് സന്ദീപ് ഭയപ്പെട്ട കാര്യത്തെക്കുറിച്ചും പരിശോധിക്കും. ആശുപത്രിയിലെ സി.സി.ടി.വിയുടെ ഹാർഡ് ഡിസ്ക്കുകൾ അന്വേഷണ സംഘം ശേഖരിച്ചിട്ടുണ്ട്.



മണലാർ എസ്റ്റേറ്റിലെ റേഷൻ കടയുടെ വാതിൽ അരിക്കൊമ്പന്റെ ആക്രമണത്തിൽ ഭാഗികമായി തകർന്ന നിലയിൽ

## അരിക്കൊമ്പൻ തമിഴ്നാട്ടിലും ശല്യക്കാരൻ; അരി തേടി വീണ്ടും ഇറങ്ങി, റേഷൻകട തകർത്തു

ഇടുക്കി: ചിന്നക്കനാലിൽ നിന്നും മയക്കുവെടി വച്ച് പിടികൂടി പെരിയാർ കടുവ സങ്കേതത്തിൽ തുറന്നു വിട്ട കാട്ടാന അരിക്കൊമ്പൻ തമിഴ്നാട്ടിലെ ജനവാസ കേന്ദ്രങ്ങളിലിറങ്ങി റേഷൻ കട ആക്രമിച്ചു. കാട് മാറി തമിഴ്നാട് അതിർത്തിയിൽ എത്തിയിട്ടും അരിക്കൊമ്പൻ റേഷൻ കട ലക്ഷ്യമിട്ട് ഇറങ്ങിയിരിക്കുകയാണ്. ഇന്നലെ രാത്രി രണ്ട് മണിയോടെ മണലാർ എസ്റ്റേറ്റിലെ റേഷൻ കടയാണ് അരിക്കൊമ്പൻ തകർക്കാൻ ശ്രമിച്ചത്. കടയുടെ വാതിൽ ഭാഗികമായി തകർത്തു. എന്നാൽ അരി എടുക്കാനായില്ല. രാത്രിയോടെ തിരിച്ച് കാടുകയറിപ്പോയി. ഇന്നലെ രാത്രി രണ്ട് മണിയോടെയാണ് മേഘമലയിൽ നിന്നും കാട്ടാന ഒമ്പത് കിലോമീറ്റർ അകലെയുള്ള മണലാർ എസ്റ്റേറ്റിലേക്ക് എത്തിയത്. റേഷൻ കട ആക്രമിച്ച പശ്ചാത്തലത്തിൽ പ്രദേശവാസികളാകെ ആശങ്കയിലാണ്. ചിന്നക്കനാലിൽ സ്ഥിരം ശല്യക്കാരനായിരുന്ന അരിക്കൊമ്പനെ ഏപ്രിൽ അവസാനത്തോടെയാണ് മയക്കുവെടി വച്ച് പിടികൂടി പെരിയാർ കടുവാ സങ്കേതത്തിൽ തുറന്ന് വിട്ടത്. റേഡിയോ കോളർ ഘടിപ്പിച്ചതിനാൽ കേരളത്തിലെ വനംവകുപ്പ് ആനയെ സ്ഥിരമായി നിരീക്ഷിച്ച് വരികയാണ്. നിലവിൽ തമിഴ്നാടിന്റെ ഭാഗമായ മേഘമലയിലാണ് ആനയുള്ളത്. തമിഴ്നാട് വനംവകുപ്പും ആനയെ നിരീക്ഷിക്കുന്നുണ്ട്.








ഓപ്പറേഷൻ സമുദ്രഗുപ്തയിൽ പിടിച്ചെടുത്ത 25000 കോടിയുടെ മയക്കുമരുന്ന്

## 25,000 കോടിയുടെ മയക്കുമരുന്ന് വേട്ട; മദർകപ്പൽ മുങ്ങിയെന്ന് സ്ഥിരീകരണം, മെട്രോ നഗരങ്ങളിലും അന്വേഷിക്കാൻ എൻ.സി.ബി

കൊച്ചി: 25,000 കോടിയുടെ മയക്കുമരുന്ന് വേട്ടയിൽ മയക്കുമരുന്നുമായി വന്ന മദർഷിപ്പ് മുങ്ങിയെന്ന് സ്ഥിരീകരിച്ച് എൻ.സി.ബി. മദർഷിപ്പ് മുങ്ങിയ ശേഷമാണ് കൂടുതൽ കടത്തുകാർ രക്ഷപ്പെട്ടതെന്നും കൂടുതൽ മയക്കുമരുന്ന് ഉടൻ പിടിച്ചെടുക്കുമെന്നും എൻ.സി.ബി ഉദ്യോഗസ്ഥർ പറഞ്ഞു. ഓപ്പറേഷൻ സമുദ്രഗുപ്തയിൽ നാവികസേനക്ക് മുന്നിൽ വച്ചാണ് മദർഷിപ്പ് മുങ്ങിയത്. ലഹരി കടത്തിനോടനുബന്ധിച്ച് ഇന്ത്യൻ നഗരങ്ങളിലേക്കും അന്വേഷണം വ്യാപിപ്പിക്കും. കൊച്ചി അടക്കമുള്ള മെട്രോ നഗരങ്ങളിലും അന്വേഷണം നടത്തും. രാസലഹരി എത്തിക്കാൻ ലക്ഷ്യം വച്ചതിൽ ഇന്ത്യൻ നഗരങ്ങളുമുണ്ടെന്നാണ് വിവരം. മെയ് 13നാണ് പുറങ്കടലിൽ വൻ ലഹരിമരുന്ന് വേട്ട നടന്നത്. നാവികസേനയുടെ സഹായത്തോടെ കേന്ദ്ര നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയാണ് മയക്കുമരുന്ന് പിടികൂടിയത്. സംഭവത്തിൽ പാകിസ്താൻ പൗരൻ എന്ന് സംശയിക്കുന്നയാളെ ഉടൻ തന്നെ കസ്റ്റഡിയിലെടുത്തിരുന്നു. രാജ്യത്തെതന്നെ ഏറ്റവും പ്രധാനപ്പെട്ട ലഹരിമരുന്ന് വേട്ടയാണ് പുറങ്കടലിൽ ഇന്ത്യൻ സമുദ്രാതിർത്തിക്കുള്ളിൽ നടന്നത്. ലഹരിമരുന്ന് കൊണ്ടുവന്ന കപ്പലും കസ്റ്റിഡിയിലെടുത്തിരുന്നു.

## 'ബോട്ടിൽ കയറാൻ 15 പേർക്ക് 300 രൂപ മതിയെന്ന വാഗ്ദാനത്തിൽ വീണു: മുഴുവൻ പേരെയും പിടികൂടിയാൽ മാത്രമേ കുടുംബത്തിന് നീതി ലഭിക്കൂ'

താനൂർ: 300 രൂപ നൽകിയാൽ 15 പേർക്ക് ബോട്ടിൽ കയറാമെന്ന ജീവനക്കാരുടെ വാഗ്ദാനത്തിൽ കുടുംബം വീണുപോയെന്ന്, താനൂർ അപകടത്തിൽ 11 പേർ മരിച്ച വീട്ടിലെ ഗൃഹനാഥൻ സെയ്തലവി. ബോട്ടിൽ പരമാവധി യാത്രക്കാരെ കുത്തിനിറക്കാനായിരുന്നു ഈ തന്ത്രം. അപകടത്തിൽ ഭാര്യയും നാലു മക്കളും ഉൾപ്പെടെ 11 പേരെയാണ് സെയ്തലവിക്ക് നഷ്ടമായത്. മുഖ്യ പ്രതി നാസർ നിയമത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ സാധ്യത ഉണ്ട്. ഉദ്യോഗസ്ഥർ ഉൾപ്പെടെ മുഴുവൻ പേരെയും പിടികൂടിയാൽ മാത്രമേ കുടുംബത്തിന് നീതി ലഭിക്കൂ എന്നും സെയ്തലവി പറഞ്ഞു.ബോട്ടിൽ കയറേണ്ട എന്ന് പെങ്ങളും മൂത്തമകളും പലവട്ടം പറഞ്ഞിരുന്നു. ബോട്ടിൽ കയറരുത് എന്ന് താനും ഫോണിൽ വിളിച്ചു പറഞ്ഞിരുന്നെന്നും അദ്ദേഹം പറഞ്ഞു.



സെയ്തലവി

നാസറിന് സഹായം ചെയ്ത ഉദ്യോഗസ്ഥർ അടക്കം എല്ലാവരെയും പിടികൂടിയാലേ നീതി ലഭിക്കൂ. കുടുങ്ങിപ്പോയ ഒരു കുഞ്ഞിനെപ്പോലും രക്ഷിക്കാൻ ജീവനക്കാർ തയാറായില്ല. നാളെ മറ്റൊരു കുടുംബത്തിന് ഈ ഗതി വരരുതെന്നും സെയ്തലവി പറഞ്ഞു.താനൂർ ബോട്ട് അപകടത്തിൽ വിവിധ വകുപ്പുകളുടെ ഭാഗത്തുണ്ടായ ഗുരുതര വീഴ്ച പുറത്തുവന്നിരുന്നു. നടപടിക്രമങ്ങൾ ലംഘിച്ചിട്ടും പിഴയടച്ച് എല്ലാം മറികടക്കാൻ നാസറിന് വഴിയൊരുങ്ങിയത് ഈ അലംഭാവത്തിലാണ്. ഉൾനാടൻ ജലഗതാഗതം സുരക്ഷിതമാക്കാനും ബോട്ടുകളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കാനുമുള്ള കർശന വകുപ്പുകൾ ഉൾപ്പെടുന്ന 2021ലെ ഇൻലാൻഡ് വെസൽസ് ആക്ട് നിലവിലുണ്ട്. അനുവദനീയമായതിലും അധികം ആളുകളെ കയറ്റി അപകടകരമായ രീതിയിൽ ബോട്ട് സർവീസ് നടത്തുന്നത് സംബന്ധിച്ച് പരാതി ഉയർന്നിട്ടും നോക്കിനിന്ന പോലിസിനും ടൂറിസം വകുപ്പിനുമടക്കം ഈ ദുരന്തത്തിൽ കൂട്ടുത്തരവാദിത്വമുണ്ട് എന്ന് തെളിയിക്കുന്ന വിവരങ്ങളാണ് പുറത്തുവരുന്നത്.



## വൈദ്യുതി കുടിശ്ശിക നൽകുന്നതിനെ ചൊല്ലി കെ.എസ്.ഇ.ബിയും പോലിസും തമ്മിൽ പോര്

# പോലിസിനെതിരേ കെ.എസ്.ഇ.ബിയുടെ ജപ്തി ഭീഷണി; സംരക്ഷണം നൽകുന്നതിനുള്ള പ്രതിഫലം തരണമെന്ന് പോലിസ്

തിരുവനന്തപുരം: വൈദ്യുതി കുടിശ്ശിക നൽകാത്തതിനാൽ പോലിസിന് ജപ്തി നടപടിക്ക് നോട്ടീസ് നൽകി കെ.എസ്.ഇ.ബി. കെ.എ.പി മൂന്നാം ബറ്റാലിയനെതിരേയാണ് വൈദ്യുതി ബോർഡ് ജപ്തി നടപടികൾ തുടങ്ങിയത്. എന്നാൽ, കെ.എസ്.ഇ.ബിക്ക് സംരക്ഷണം നൽകിയ വകയിലെ 130 കോടി നൽകിയ ശേഷം കുടിശ്ശികയെ കുറിച്ച് സംസാരിക്കാമെന്നാണ് എ.ഡി.ജി.പിയുടെ കത്ത്. 2004 മുതൽ 2009 വരെയുള്ള കുടിശ്ശികയും പിഴയും അടച്ചില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ജപ്തി നോട്ടീസ്. സമാനമായി പല പോലിസ് യൂണിറ്റുകൾക്കും നോട്ടീസെത്തിയതോടെയാണ് ഉന്നത




പോലിസ് ഉദ്യോഗസ്ഥരുടെ തുടർ നടപടി. കെ.എസ്.ഇ.ബി ആസ്ഥാനത്തിനും അണക്കെട്ടുകൾക്കും, സംഭരണ കേന്ദ്രങ്ങൾക്കുമെല്ലാം സംരക്ഷണം നൽകുന്നത് പോലിസാണ്. സംരക്ഷണം നൽകുന്നതിന് ബോർഡ് പണം നൽകുന്നുണ്ട്. പൊലിസടക്കേണ്ട വൈദ്യുതി ചാർജും സംരക്ഷണത്തിന് നൽകേണ്ട പ്രതിഫലവും കൂട്ടിക്കിഴിച്ച് തിട്ടപ്പെടുത്തി ഇരുകൂട്ടരും മുന്നോട്ടുപോവുകയായിരുന്നു. സംരക്ഷണം നൽകുന്നതിനുള്ള കുടിശ്ശിക പിരിച്ചെടുക്കാത്തതിനാൽ പല ഓഡിറ്റുകൾക്കും പോലിസ് മറുപടി നൽകേണ്ടിവരുന്നു. അതിനാൽ തരാനുള്ള പണം ഡി.ജി.പിയുടെ പേരിൽ ഉടൻ നൽകണം. കുടിശ്ശിക അടയ്ക്കണമെന്ന കാര്യത്തിൽ ബോർഡ് ഉന്നയിച്ച ന്യായങ്ങളിൽ വ്യക്തത തേടി സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. അപ്പോൾ സർക്കാർ തീരുമാനം വന്നശേഷം ഒരു സെറ്റിൽമെറ്റുണ്ടാക്കമെന്നാണ് എ.ഡി.ജി.പിക്ക് നൽകിയ കത്ത്. കുടിശ്ശികപ്പോരിൽ കെ.എസ്.ഇബിയുടെ അടുത്ത നീക്കമാണ് പ്രധാനം. 2021ൽ തുക കൈമാറ്റം സംബന്ധിച്ച തർക്കമുണ്ടായി. അങ്ങനെ വൈദ്യുതിക്ക് തുക പകരം പോലിസിന് നൽകേണ്ട പ്രതിഫലം കുറവു ചെയ്യുന്ന കാര്യത്തിൽ അങ്ങോട്ടും ഇങ്ങോട്ടും ഏറെനാളായി തർക്കമുണ്ട്. ഇതിനിടെ ബോർഡ് കുടിശ്ശിക ചൂണ്ടികാട്ടി നോട്ടീസുകൾ അയച്ചതാണ് പോലിസ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥരെ ചൊടിപ്പിച്ചത്.

## മരുസാഗർ എക്സ്പ്രസിലെ ആക്രമണം: സിയാദ് നിരവധി കേസുകളിലെ പ്രതി

പാലക്കാട്: മരുസാഗർ എക്സ്പ്രസിൽ യാത്രക്കാരന് കുത്തേറ്റ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. അക്രമിയായ സിയാദ് നിരവധി കേസുകളിൽ പ്രതിയാണ്. നിലവിൽ റെയിൽവേ പോലിസിന്റെ കസ്റ്റഡിയിലുള്ള സിയാദിനെതിരേ തൃശൂർ ഈസ്റ്റ്, പാവറട്ടി, ഗുരുവായൂർ എന്നിവിടങ്ങളിൽ കേസുണ്ട്. ആലുവയിൽ നിന്നാണ് പ്രതി ട്രെയിനിൽ കയറിയത്. ഇയാളുടെ കൈയ്യിൽ നിന്നും ഒരു റിസർവേഷൻ ടിക്കറ്റും കണ്ടെത്തിയിട്ടുണ്ട്.

ഇതും പോലിസ് പരിശോധിക്കുകയാണ്. മോശം പെരുമാറ്റം ചോദ്യം ചെയ്തതിനാണ് പരപ്പനങ്ങാടി സ്വദേശി ദേവദാസിനെ പ്രതിയായ സഹയാത്രികൻ സിയാദ് ആക്രമിച്ചത്. കമ്പാർട്ട്മെന്റിൽ സ്ത്രീകളോടടക്കം മോശമായി പെരുമാറിയ ഇയാൾ ബഹളം വയ്ക്കുന്നത് തുടർന്നതോടെയാണ് ദേവദാസ് ഇടപെട്ടത്. ഇതോടെ ഇരുവരും തമ്മിൽ തർക്കമായി. ട്രെയിൻ ഷൊർണൂരിലെത്തിയപ്പോൾ




സിയാദിന്റെ ആക്രമണത്തിൽ പരുക്കേറ്റ ദേവദാസ്

ചില്ല് കുപ്പി ഉപയോഗിച്ച് ദേവദാസിനെ സിയാദ് കുത്തുകയായിരുന്നു. ദേവദാസിന്റെ കണ്ണിന് സമീപമാണ് കുത്തേറ്റത്. കുത്തിയതിന് ശേഷം സിയാദ് രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും പിടിക്കപ്പെട്ടു. ഗുരുവായൂർ സ്വദേശിയാണ് സിയാദ്. പരപ്പനങ്ങാടി സ്വദേശി ദേവദാസ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇയാളുടെ പരുക്ക് ഗുരുതരമല്ല. പ്രതിയുടെ കൈക്കും പരുക്കേറ്റിട്ടുണ്ട്.

## എസ്.എസ്.എൽ.സി ഫലം മെയ് 20നും ഹയർ സെക്കൻഡറി ഫലം 25നും പ്രഖ്യാപിക്കും

തിരുവനന്തപുരം: 2023ലെ എസ്.എസ്.എൽ.സി പരീക്ഷ ഫലം മെയ് 20നും ഹയർ സെക്കൻഡറി ഫലം 25നും പ്രഖ്യാപിക്കുമെന്ന് വിദ്യഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. 4,19,362 റഗുലർ വിദ്യാർഥികളും 192 പ്രൈവറ്റ് വിദ്യാർഥികളും എസ്.എസ്.എൽ.സി പരീക്ഷ എഴുതി. ഇതിൽ 2,13,801 ആൺകുട്ടികളും 2,05,561 പെൺകുട്ടികളുമാണ്. സർക്കാർ സ്കൂളുകളിലായി ആകെ 1,40,703 കുട്ടികൾ പരീക്ഷ എഴുതി. ഇതിൽ 72,031 ആൺകുട്ടികളും 68,672 പെൺകുട്ടികളുമാണ്. എയ്ഡഡ് സ്കൂളുകളിൽ ആകെ 2,51,567 കുട്ടികളാണ് പരീക്ഷ എഴുതിയത്. 1,27,667 ആൺകുട്ടികളും 1,23,900 പെൺകുട്ടികളുമാണ്.




അൺ എയ്ഡഡ് സ്കൂളുകളിൽ ആകെ 27,092 കുട്ടികൾ പരീക്ഷ എഴുതി. 14,103 ആൺകുട്ടികളും 12,989 പെൺകുട്ടികളുമാണുള്ളത്. സർക്കാർ മേഖലയിൽ 1,170 സെന്ററുകളും എയ്ഡഡ് മേഖലയിൽ 1,421 പരീക്ഷ സെന്ററുകളും അൺ എയ്ഡഡ് മേഖലയിൽ 369 പരീക്ഷ സെന്ററുകളും അടക്കം മൊത്തം 2,960 പരീക്ഷാ സെന്ററുകളാണ് സജ്ജീകരിച്ചിരുന്നത്. ഗൾഫ് മേഖലയിൽ 518 വിദ്യാർഥികളും ലക്ഷദ്വീപിൽ ഒമ്പത് സ്കൂളുകളിലായി 289 വിദ്യാർഥികളും ഇക്കൊല്ലം പരീക്ഷ എഴുതി. കഴിഞ്ഞ രണ്ട് വർഷത്തെ അപേക്ഷിച്ച് ഫോക്കസ് ഏരിയ ഇല്ലാതെ പൂർണമായ പാഠഭാഗങ്ങളിൽ നിന്നും ഇത്തവണ ചോദ്യങ്ങളുണ്ടായിരുന്നു. വേനൽ കണക്കിലെടുത്ത് എസ്.എസ്.എൽ.സി പരീക്ഷകൾ രാവിലെ 9.30 മുതലാണ് ഈ വർഷം നടത്തിയത്. സ്കൂൾ പ്രവേശനത്തിന് കോഴ വിഷയത്തിൽ ആരും പരാതി നൽകാൻ തയ്യാറാകുന്നില്ലെന്ന് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. പരാതി അറിയിക്കാൻ ടോൾ ഫ്രീ നമ്പർ ആലോചിക്കുന്നുണ്ട്. വിദ്യാഭ്യാസത്തെ കച്ചവടമാക്കാൻ അനുവദിക്കില്ലെന്നും മന്ത്രി പറഞ്ഞു.

# തമിഴ്നാട്ടിൽ വ്യാജ മദ്യദുരന്തം; മരണം 13, 35 പേർ ചികിത്സയിൽ

ചെന്നൈ: തമിഴ്നാട്ടിലെ രണ്ടിടത്തുണ്ടായ വ്യാജമദ്യ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 13 ആയി. 35 പേർ വിവിധ ആശുപത്രികളിലായി ചികിത്സയിലാണ്. ആശുപത്രിയിൽ പ്രവേശിപ്പിച്ച രണ്ടുപേരുടെ നില ഗുരുതരമാണെന്ന് പോലിസ് അറിയിച്ചു. 33 പേർ അപകടനില തരണം ചെയ്തുവെന്നാണ് വിവരം. വില്ലുപുരത്തും ചെങ്കൽപ്പേട്ട് ജില്ലയിലുമാണ് വ്യാജമദ്യം കഴിച്ച് ആളുകൾ മരണപ്പെട്ടത്. മരിച്ചവരിൽ മൂന്ന് സ്ത്രീകളും



വ്യാജമദ്യ ദുരന്തത്തിൽ പ്രതിഷേധിച്ച് വില്ലുപുരം ജില്ലയിൽ പ്രദേശവാസികൾ റോഡ് ബ്ലോക്ക് ചെയ്തപ്പോൾ

ഉൾപ്പെടുന്നു. തമിഴ്നാട് പോലിസ് ഐ.ജി എൻ.കണ്ണനാണ് വിവരങ്ങൾ മാധ്യമങ്ങളെ അറിയച്ചത്. വെള്ളിയാഴ്ചയാണ് ദുരന്തം റിപ്പോർട്ട് ചെയ്തത്. അന്ന് രണ്ടുപേരാണ് മരിച്ചത്. പിറ്റേദിവസം രണ്ടുപേർകൂടി മരിച്ചു. ഞായറാഴ്ച ആറ് മരണം റിപ്പോർട്ട് ചെയ്തു. വിഷമദ്യം കഴിച്ചാണ് ആറുപേരും മരിച്ചതെന്ന് അധികൃതർ സ്ഥിരീകരിച്ചു. ഇരകൾ എഥനോൾ-മെഥനോൾ കലർന്ന വ്യാജ മദ്യം കഴിച്ചിരിക്കാമെന്നാണ് പ്രാഥമിക നിഗമനമെന്ന് പോലിസ് പറഞ്ഞു. രണ്ടിടത്തും വ്യാവസായിക ആവശ്യത്തിന് ഉപയോഗിച്ച മദ്യമാണ് ഉപയോഗിച്ചിരിക്കുന്നത്. സംഭവത്തിൽ ഒൻപത് പേരെ അറസ്റ്റ് ചെയ്യുകയും കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിന് നാല് പോലിസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തു. വ്യാജ മദ്യവും ഗുഡ്കയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തതിന് 57 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

# ജോസ് കെ. മാണിയെ യു.ഡി.എഫിലേക്ക് ക്ഷണിച്ച് ചെന്നിത്തല; ക്ഷണം നിരസിച്ച് റോഷി അഗസ്റ്റിൻ

കോട്ടയം: ജോസ് കെ. മാണിയെ യു.ഡി.എഫിലേക്ക് ക്ഷണിച്ച് ചെന്നിത്തല. കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗം യു.ഡി.എഫിലേക്ക് തിരിച്ചുവന്നാൽ സന്തോഷമെന്ന് രമേശ് ചെന്നിത്തല. എന്നാൽ,



ക്ഷണത്തെ നിരസിച്ച് മന്ത്രി റോഷി അഗസ്റ്റിൻ രംഗത്തെത്തി. കേരളാ കോൺഗ്രസ് (എം) യു.ഡി.എഫിലേക്കില്ലെന്നും എൽ.ഡി.എഫിന് ഒപ്പം ഉറച്ച് നിൽക്കുമെന്നും റോഷി അഗസ്റ്റിൻ പറഞ്ഞു. 'യു.ഡി.എഫിലേക്ക് ക്ഷണിച്ചതിൽ സന്തോഷം. തൽക്കാലം എൽ.ഡി.എഫിൽ തുടരാനാണ് തീരുമാനം. രാവിലെയും വൈകിട്ടുമായി നിലപാട് മാറ്റുന്നവരല്ല ഞങ്ങൾ. കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗം യു.ഡി.എഫിൽ നിന്നും പുറത്തുപോയതല്ല. യു.ഡി.എഫ് പുറത്താക്കിയതാണെന്ന് ഓർമ്മിക്കണം'. ആ തീരുമാനം തെറ്റായിപ്പോയെന്ന് യു.ഡി.എഫ് മനസിലാക്കിയതിൽ സന്തോഷമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## അസമിൽ 600 മദ്റസകൾ പൂട്ടി; ഇനി 300 എണ്ണം കൂടി പൂട്ടും: ഹിമന്ത ബിശ്വ ശർമ

ഗുവാഹത്തി: താൻ മുഖ്യമന്ത്രിയായ ശേഷം സംസ്ഥാനത്തെ 600 ഓളം മദ്റസകൾ പൂട്ടിയെന്നും ഇനി ഈ വർഷം 300 മദ്റസകൾ കൂടി അടച്ചുപൂട്ടുമെന്നും അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ. കരിംനഗറിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 'അസമിലെ ലൗജിഹാദ് തടയാൻ ഞങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ സംസ്ഥാനത്തെ



മദ്റസകൾ അടച്ചു പൂട്ടാനും പ്രവർത്തിക്കുന്നു. ഇതുവരെ ഞാൻ മുഖ്യമന്ത്രിയായ ശേഷം 600 മദ്റസകൾ അടച്ചുപൂട്ടി. ഈ വർഷം 300 മദ്റസകൾ കൂടി പൂട്ടുമെന്നാണ് ഉവൈസിയോട് എനിക്ക് പറയാനുള്ളതെന്ന്'അസം മുഖ്യമന്ത്രി പറഞ്ഞു. സ്കൂളുകളും കോളേജുകളും സർവകലാശാലകളും നിർമിക്കാൻ ആഗ്രഹിക്കുന്നതിനാലാണ് 600 മദ്റസകൾ അടച്ചുപൂട്ടിയതെന്നായിരുന്നു നേരത്തെ ഹിമന്ത ബിശ്വ ശർമ പറഞ്ഞിരുന്നത്. രാജ്യത്ത് ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്നും ബഹുഭാര്യത്വം അവസാനിപ്പിക്കുമെന്നും ശർമ കൂട്ടിച്ചേർത്തു.

## ബി.ജെ.പി വിരുദ്ധ വോട്ടുകൾ ഏകീകരിക്കപ്പെടണം; കോൺഗ്രസ് കൂടുതൽ ഉത്തരവാദിത്വം കാണിക്കണം: എം.വി ഗോവിന്ദൻ

തിരുവനന്തപുരം: രാജ്യത്ത് ബി.ജെ.പിക്കെതിരേ അണിനിരക്കുന്നവർക്കെല്ലാം ആവേശം നൽകുന്ന വിജയമാണ് കർണാടകയിലെ കോൺഗ്രസിന്റെ വിജയമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. സംസ്ഥാനങ്ങളിലെ ബി.ജെ.പി വിരുദ്ധവോട്ടുകളെല്ലാം ഏകീകരിക്കപ്പെടണം. അതിന് കോൺഗ്രസ് കൂടുതൽ ഗൗരവത്തോടെയും ഉത്തരവാദിത്വത്തോടെയും മുന്നോട്ടുപോകണമെന്നും സ്വന്തം താൽപ്പര്യങ്ങൾക്കുപരി ഇന്ത്യ മുന്നോട്ടുവയ്ക്കുന്ന ബി.ജെ.പി വിരുദ്ധ ആശയത്തിന് ഊന്നൽ കൊടുക്കാനാകണമെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണേന്ത്യയിൽ നിന്ന് ബി.ജെ.പിയെ തൂത്തെറിയാൻ സാധിച്ചിരിക്കുന്നു. കർണാടകയിലെ കോൺഗ്രസ് വിജയം ഇക്കാര്യത്തിൽ ശ്രദ്ധേയമായ കാൽവയ്പ്പ് തന്നെയാണ്. ദക്ഷിണേന്ത്യ മുഴുവൻ ഞങ്ങൾ പിടിക്കാൻ പോവുകയാണ് എന്നതിന്റെ തുടക്കമാണ് കർണാടക എന്ന് പറഞ്ഞവർക്കുള്ള തിരിച്ചടിയാണ് ഈ തോൽവിയെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

## ബജ്റംഗ്ദളിനെ ഭീകര സംഘടനയുമായി താരതമ്യം ചെയ്തെന്ന്; മല്ലികാർജുൻ ഖർഗെയ്ക്കെതിരേ 100 കോടിയുടെ മാനനഷ്ടക്കേസ്

ന്യൂഡൽഹി: കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയ്ക്ക് നോട്ടീസ്. പഞ്ചാബ് കോടതിയാണ് നോട്ടീസ് നൽകിയത്. ബജ്റംഗ്ദളിനെ ഭീകര സംഘടനയുമായി താരതമ്യം ചെയ്തെന്ന പരാതിയിൽ പഞ്ചാബ് കോടതിയിലാണ് മാനനഷ്ടക്കേസ്. 100 കോടി രൂപ മാനനഷ്ടത്തിനാണ് കേസ് നൽകിയിരിക്കുന്നത്. കർണാടകയിലെ പ്രകടനപത്രികയിലെ പരാമർശത്തിനാണ് നോട്ടീസ് നൽകിയിരിക്കുന്നത്. പ്രകടനപത്രികയിൽ 10ാം പേജിൽ ബജ്റംഗ് ദളിനെ പറ്റി പറയുന്ന ഭാഗത്താണ് ഭീകര സംഘടനയുമായി ബജ്റംഗ്ദളിനെ താരതമ്യം ചെയ്തിരിക്കുന്നതെന്നാണ് പരാതി. ഹിദേശ് ഭരദ്വാജ് എന്ന ഹിന്ദു സംഘടനാ പ്രവർത്തകൻ ആണ് കോടതിയെ സമീപിച്ചിരിക്കുന്നത്. കോടതി ഇന്ന് കേസ് പരിഗണിക്കുകയും ജൂലൈ 10ന് ഹാജരാകണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് അയയ്ക്കുകയും ചെയ്തിരിക്കുകയാണ്.



'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തക പ്രകാശന വേദിയിൽ പീപ്പിൾസ് റിവ്യൂ സ്പെഷ്യൽ സപ്ലിമെന്റ് പ്രകാശനം ചെയ്തതിന്ശേഷം സംസാരിക്കുന്ന ഡോ.കെ.കുഞ്ഞാലി

## 'പീപ്പിൾസ് റിവ്യൂ' ജനങ്ങൾക്ക് പ്രതീക്ഷയേകുന്ന മാധ്യമം: ഡോ. കെ.കുഞ്ഞാലി

കോഴിക്കോട്: വസ്തുതയും സത്യവും വായനക്കാരിലെത്തിക്കുകയും അഴിമതിക്കും അനീതിക്കുമെതിരേ പോരാടുകയും മതസൗഹാർദവും നാടിൻ വികസനവും മുറുകെ പിടിക്കുന്ന പീപ്പിൾസ് റിവ്യൂ ജനങ്ങൾക്ക് പ്രതീക്ഷയേകുന്ന മാധ്യമമാണെന്ന് പ്രശസ്ത ഹൃദയരോഗ ചികിത്സാ വിദഗ്ധൻ ഡോ. കെ.കുഞ്ഞാലി പറഞ്ഞു. പി.ജി രവീന്ദ്രൻ രചിച്ച 'സാമൂഹ്യ നീതിയും ലിംഗസമത്വവും' പുസ്തക പ്രകാശന വേദിയിൽ പീപ്പിൾസ് റിവ്യൂ സ്പെഷ്യൽ സപ്ലിമെന്റ് പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പീപ്പിൾസ് റിവ്യൂ ദിനപത്രം, പീപ്പിൾസ് റിവ്യൂ യൂട്യൂബ് ചാനൽ, പീപ്പിൾസ് റിവ്യൂ ഓൺലൈൻ, പീപ്പിൾസ് റിവ്യൂ പബ്ലിക്കേഷൻസ് എന്നിവയെല്ലാം നല്ല സാമൂഹിക നിർമിതിയുടെ മകുടോദാഹരണങ്ങളാണ്. വിവാദങ്ങളെ വ്യവസായമാക്കുന്ന വർത്തമാനകാല ലോകത്ത് വ്യതിരിക്തമായ പാതയാണ് പീപ്പിൾസ് റിവ്യൂ പിന്തുടരുന്നത്. മാധ്യമധർമം പക്ഷം പിടിക്കലല്ല. മാധ്യമങ്ങൾ റേറ്റിങ്ങിന്റെ പിന്നാലെ പോകുമ്പോൾ വസ്തുതകൾ തമസ്കരിക്കപ്പെടുമെന്നദ്ദേഹം കൂട്ടിച്ചേർത്തു. സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കെതിരേ ഉന്നതമായ മാധ്യമശൈലി ഉയർത്തി മുന്നോട്ട് പോകാൻ പീപ്പിൾസ് റിവ്യൂവിനാകട്ടേയെന്നദ്ദേഹം ആശംസിച്ചു. കാലിക്കറ്റ് ക്ലബ് സെക്രട്ടറി ഡോ.എൻ.എം സണ്ണി സപ്ലിമെന്റ് ഏറ്റുവാങ്ങി. പ്രശസ്ത സാഹിത്യകാരൻ പി.ആർ നാഥൻ അധ്യക്ഷത വഹിച്ചു.

# അമ്പേ തോറ്റ് റോയൽസ്

## ആർ.സി.ബിക്കെതിരേ 59 റൺസിന് പുറത്തായി. പ്ലേ ഓഫ് പ്രതീക്ഷകൾക്ക് തിരിച്ചടി



പാർണലിന്റെ പന്തിൽ സഞ്ജുവിനെ ക്യാച്ചെടുത്ത് പുറത്താക്കിയ അനുജ് റവാത്തിനെ അഭിനന്ദിക്കുന്ന സഹതാരങ്ങൾ

ജയ്പൂർ: ഈ സീസണിലെ നാണംക്കെട്ട തോൽവി ഏറ്റുവാങ്ങി സഞ്ജുവും കൂട്ടരും. ഐ.പി.എല്ലിന്റെ ചരിത്രത്തിൽ ഏറ്റവും താഴ്ന്ന മൂന്നാമത്തെ ടോട്ടലിന് പുറത്തായി എന്നതിന്റെ നാണംക്കെട്ട റെക്കോർഡ് ഇനി രാജസ്ഥാൻ റോയൽസിന് സ്വന്തം. 59 റൺസെടുക്കുന്നതിനിടെ ആർ.ആറിന്റെ ബാറ്റിങ് നിരയെ തിരികെ പവലിയനിലേക്കെത്തിച്ച് ആർ.സി.ബി. യശസ്വി ജയ്സ്വാൾ, ജോസ് ബട്‌ലർ, അശ്വിൻ, കെ.എം ആസിഫ് എന്നിവർ സംപൂജ്യരായി മടങ്ങി. ക്യാപ്റ്റൻ സഞ്ജു നാലും ജോറൂട്ട് 10ഉം ദേവ്ദത്ത് പടിക്കൽ നാലും ധ്രുവ് ജുറേൽ ഒന്നും ആദം സാംപ രണ്ടും റൺസുമായി പെട്ടെന്ന് തന്നെ കൂടാരം കയറി. വമ്പൻ നാണക്കേടിൽ നിന്നും രാജസ്ഥാനെ കര കയറ്റിയത് 19 പന്തിൽ 35 റൺസെടുത്ത ഷിംറോൺ ഹെറ്റ്മെയറിന്റെ ഇന്നിങ്സാണ്. 10.3 ഓവർ പിന്നിട്ടപ്പോഴേക്കും രാജസ്ഥാന്റെ കഥ കഴിഞ്ഞു. മൂന്നോവറിൽ 10 റൺസ് മാത്രം വിട്ടുക്കൊടുത്ത് മൂന്ന് വിക്കറ്റെടുത്ത വെയ്ൻ പാർണലിനൊപ്പം രണ്ട് വിക്കറ്റുകൾ വീതം വീഴ്ത്തിയ ബ്രെയ്സ്വെല്ലും കരൺ ശർമയും ഓരോ വിക്കറ്റ് വീതം വിഴ്ത്തിയ മുഹമ്മദ് സിറാജും ഗ്ലെൻ മാക്സ്വെല്ലും ചേർന്നപ്പോൾ 112 റൺസിന്റെ ഉജ്ജ്വല വിജയമാണ് ആർ.സി.ബി നേടിയത്. ടോസ് നേടി ബാറ്റിങ്ങിനിറങ്ങിയ ആർ.സി.ബിക്കായി ഇത്തവണയും ഫാഫ് ഡുപ്ലെസിയും മാക്സ്വെല്ലും തിളങ്ങി. ഡുപ്ലെസി 44 പന്തിൽ 55 ഉം മാക്സ്വെൽ 33 പന്തിൽ 54 റൺസും നേടി. അവസാന ഓവറുകളിൽ അനുജ് റവാത്തിന്റെ മിന്നൽ വെട്ടിക്കെട്ടും (29*) കൂടിയായപ്പോൾ നിശ്ചിത 20 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ആർ.സി.ബി 171 റൺസ് നേടി. രാജസ്ഥാന് വേണ്ടി കെ.എം.ആസിഫും ആദം സാംപയും രണ്ട് വിക്കറ്റ് വീതവും സന്ദീപ് ശർമ ഒരു വിക്കറ്റും നേടി. മറുപടി ബാറ്റിങ്ങിൽ ബാറ്റ്സ്മാൻമാർ വിക്കറ്റ് കളഞ്ഞു കുളിക്കുന്ന കാഴ്ചയാണ് കണ്ടത്. രാജസ്ഥാൻ ടീം കൂടുതലും അവരുടെ ഓപ്പണിംഗ് കൂട്ടുക്കെട്ടിനെയാണ് ആശ്രയിക്കുന്നത്. ഇരു ഓപ്പണർമാരും സംപൂജ്യരായി മടങ്ങിയപ്പോൾ തന്നെ രാജസ്ഥാൻ പരാജയം അംഗീകരിച്ചിരുന്നു. ക്യാപ്റ്റനെന്ന നിലയിൽ ഒട്ടും പക്വമാർന്ന ബാറ്റിങ്ങല്ല സഞ്ചു സാംസൺ പുറത്തെടുക്കുന്നുത്. എല്ലാ പന്തുകളും അതിർത്തി കടത്താൻ ശ്രമിക്കുന്ന സഞ്ജു വിക്കറ്റ് വെറുതെ വലിച്ചെറിയുകയാണ്. ഈ കളിയിലും പാർണലിന്റെ പന്തിൽ ഉയർത്തിയടിക്കാനുള്ള ശ്രമത്തിൽ അനുജ് റവാത്തിന് ക്യാച്ച് നൽകി മടങ്ങുകയായിരുന്നു. ക്യാപ്റ്റന്റെ സ്ഥിരതയില്ലായ്മയും നിരുത്തരവാദിത്വപരമായ കളിയുമാണ് രാജസ്ഥാന്റെ ഇപ്പോഴത്തെ പ്രധാന തലവേദന. വെയ്ൻ പാർണലാണ് കളിയിലെ താരം.

# ചെന്നൈയെ ആറ് വിക്കറ്റിന് തോൽപ്പിച്ച് കൊൽക്കത്ത

ചെന്നൈ: ചെന്നൈ സൂപ്പർ കിംഗ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്. ചെന്നൈ ഉയർത്തിയ 145 റൺസ് വിജയലക്ഷ്യം 18.3 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ കൊൽക്കത്ത മറികടന്നു. ഹോംഗ്രൗണ്ടിൽ ടോസ് നേടി ബാറ്റിങ് തിരഞ്ഞെടുത്ത ചെന്നൈക്ക് സ്കോറിങ്ങിലെ മെല്ലെപ്പോക്ക് തിരിച്ചടിയായി 34 പന്തിൽ 48 റൺസെടുത്ത ശിവം ഡൂഹെയാണ് ചെന്നൈ നിരയിലെ ടോപ്സ്കോറർ. 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിലാണ് ചെന്നൈ 144 റൺസ് നേടിയത്.



ചെന്നൈക്കെതിരേ റിങ്കു സിംഗിന്റെ ബാറ്റിങ്

കൊൽക്കത്തക്ക് വേണ്ടി സുനിൽ നരെയ്ൻ രണ്ട് വിക്കറ്റ് നേടി. മറുപടി ബാറ്റിങ്ങിൽ കൊൽക്കത്തയുടെ തുടക്കം അത്ര നല്ലതല്ലായിരുന്നു. ഒരു റൺസെടുത്ത റഹ്മാനുള്ള ഗുർബാസിനേയും ഒമ്പത് റൺസെടുത്ത വെങ്കടേഷ് അയ്യരേയും 12 റൺസെടുത്ത ജേസൺ റോയിയേയും ദീപക് ചഹാർ പുറത്താക്കി. ഒരു ഘട്ടത്തിൽ 33ന് മൂന്ന് എന്ന നിലയിലായിരുന്നു കൊൽക്കത്ത. തുടർന്ന് ക്രീസിലെത്തിയ ക്യാപ്റ്റൻ നിതീഷ് റാണയുടേയും റിങ്കുസിംഗിന്റേയും കൂട്ടുക്കെട്ടാണ് കെ.കെ.ആറിന് തുണയായത്. ഇരുവരും നാലാം വിക്കറ്റിൽ 99 റൺസ് കൂട്ടിച്ചേർത്തു. 43 പന്തിൽ 54 റൺസെടുത്ത റിങ്കുസിംഗിനെ മോയിൻ അലി റണ്ണൗട്ടാക്കിയെങ്കിലും അപ്പോഴേക്കും കൊൽക്കത്ത വിജയം ഉറപ്പിച്ചിരുന്നു. 44 പന്തിൽ 57 റൺസുമായി നിതീഷ്റാണയും രണ്ട് പന്തിൽ രണ്ട് റൺസുമായി ആന്ദ്രേ റസലും പുറത്താകാതെ നിന്നു. റിങ്കു സിംഗാണ് കളിയിലെ താരം.

## പ്രവാസി കമ്മീഷൻ നിയമനകാര്യത്തിൽ മുഖ്യമന്ത്രിക്ക് നിവേദനവുമായി പ്രവാസി ലീഗൽ സെൽ

കുവൈറ്റ് സിറ്റി: പ്രവാസി കമ്മീഷൻ നിയമനകാര്യത്തിൽ മുഖ്യമന്ത്രിക്ക് നിവേദനവുമായി പ്രവാസി ലീഗൽ സെൽ. കേരളത്തിൽ നിന്നുള്ള പ്രവാസികളുടെ പ്രശ്നപരിഹാരത്തിനായി 2016ൽ സ്ഥാപിതമായ പ്രവാസി കമ്മീഷൻ കഴിഞ്ഞ കുറേ മാസങ്ങളായി പ്രവർത്തിക്കുന്നില്ല. പ്രവാസി കമ്മീഷൻ അധ്യക്ഷനായിരുന്ന ജസ്റ്റിസ് പി.ഡി രാജൻ വിരമിച്ചതിന് ശേഷം തുടർ നിയമനവും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിലാണ് മുഖ്യമന്ത്രിയുടെ അടിയന്തിര ഇടപെടൽ ആവശ്യപ്പെട്ട് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ജോസ് ഏബ്രഹാം നിവേദനം നൽകിയത്. പ്രവാസികളുടെ നിരവധിയായ പ്രശ്നപരിഹാരത്തിന് സഹായകരമായ പ്രവാസി കമ്മീഷനിൽ ഒരു ചെലവുമില്ലാതെ പരാതി നൽകാവുന്നതും പരിഹാരം കണ്ടെത്താവുന്നതുമാണ്.

പലവിധ പ്രശ്നങ്ങളാൽ വലയുന്ന പ്രവാസികൾക്ക് ആശ്വാസമാകുന്ന കമ്മീഷന്റെ പ്രവർത്തനത്തിലും അതുപോലെ തന്നെ പ്രവാസികളുടെ ക്ഷേമ വിഷയങ്ങളിലും അടിയന്തിരമായ കേരള സർക്കാർ ഇടപെടലുകൾ ആവശ്യമാണെന്നും മനുഷ്യക്കടത്തുൾപ്പെടെയുള്ള വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്ന പ്രവാസി കമ്മീഷന്റെ പ്രവർത്തനം ഉടൻ തന്നെ പുനഃസ്ഥാപിക്കണമെന്നും സർക്കാർ ഈ വിഷയത്തിൽ അനുകൂലമായ നടപടി സ്വീകരിക്കാത്തപക്ഷം പ്രവാസി ലീഗൽ സെല്ലിന് കോടതിയെ സമീപിക്കേണ്ടി വരുമെന്നും പി.എൽ.സി കുവൈറ്റ് ജനറൽ സെക്രട്ടറി ബിജു സ്റ്റീഫൻ, കോ-ഓർഡിനേറ്റർ അനിൽ മൂടാടി എന്നിവർ അറിയിച്ചു.

## കുനിയിൽ അത്തീഖ് റഹ്മാൻ വധക്കേസ്; വിചാരണ ജൂൺ 28ന് ആരംഭിക്കും

അരീക്കോട്: കുനിയിൽ അത്തീഖ് റഹ്മാൻ വധക്കേസിൽ വിചാരണ നടപടികൾ ജൂൺ 28ന് തുടങ്ങും. മഞ്ചേരി മൂന്നാം അഡീഷണൽ സെഷൻസ് കോടതിയിൽ ആകും വിചാരണ. കേസിൽ 91 സാക്ഷികളെയാണ് വിസ്തരിക്കാൻ ഉള്ളത്. 2012 ജനുവരി അഞ്ചിനാണ് ഫുട്ബോൾ ടൂർണമെന്റ് നടത്തിപ്പുമായി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന് മുസ്ലിം ലീഗ് പ്രവർത്തകനായ കുനിയിൽ നടുപ്പാട്ടിൽ അത്തീഖ് റഹ്മാൻ കൊല്ലപ്പെട്ടത്. കേസിലെ പ്രതികളായ കൊളക്കാടൻ ആസാദും, സഹോദരൻ അബൂബക്കറും പിന്നീട് കൊല്ലപ്പെട്ടു. കൊളക്കാടൻ ഗുലാം ഹുസൈൻ (37), ഗുലാം പാഷ (35), അബ്ദുൾ നാസർ (56), ഫൈസീർ (39) എന്നിവരാണ് മറ്റു പ്രതികൾ. ഇരട്ടക്കൊല കേസിലെ പ്രതികളെ കഴിഞ്ഞമാസം ഇതേ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചിരുന്നു. എന്നാൽ ഈ കൊലപാതകത്തിലേക്ക് നയിച്ച അത്തീഖ് റഹ്മാൻ വധക്കേസിൽ വിചാരണ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. അഡ്വ. പി.സി നൗഷാദാണ് സ്പെഷ്യൽ പ്രോസിക്യൂട്ടർ.



## മാതൃദിനത്തോടനുബന്ധിച്ച് ദർശന കലാ-സാംസ്കാരിക വേദി ഫാമിലി മീറ്റ് സംഘടിപ്പിച്ചു

ദുബായ്: മാതൃദിനത്തോടനുബന്ധിച്ച് ദർശന കലാ-സാംസ്കാരിക വേദി ദുബായ് അൽ മംസാർ പാർക്കിൽ ഫാമിലി മീറ്റ് സംഘടിപ്പിച്ചു. സാമൂഹിക പ്രവർത്തകൻ പുന്നക്കൻ മുഹമ്മദാലി മാതൃദിന സന്ദേശം കൈമാറി. ദർശന കുടുംബത്തിലെ അമ്മമാരെ പ്രസിഡന്റ് സി.പി ജലീൽ ആദരിച്ചു.



മാതൃദിനത്തോടനുബന്ധിച്ച് ദർശന കലാ-സാംസ്കാരിക വേദി സംഘടിപ്പിച്ച ഫാമിലി മീറ്റിൽ നിന്ന്

കുട്ടികളുടെ കലപരിപാടികൾ, വീട്ടമ്മമാരുടെ വിവിധയിനം പരിപാടികൾ സംഘടിപ്പിച്ചു. മുസ്തഫ കുറ്റിക്കോൽ, ഖാലിദ് തൊഴക്കാവ്, ഷിജി അന്ന ജോസഫ്, ഖുറേഷി ആലപ്പുഴ, വീണ ഉല്ലാസ്, ജെനി പോൾ, ടി.പി അഷ്റഫ് സാബു തോമസ്, കെ.ടി.പി ഇബ്രാഹിം, നജാദ് ബീരാൻ എന്നിവർ നേതൃത്വം നൽകി. ജനറൽ സെക്രട്ടറി അഖിൽദാസ് ഗുരുവായൂർ സ്വാഗതവും ട്രഷറർ കെ.വി ഫൈസൽ ഏഴോം നന്ദിയും പറഞ്ഞു.

## 'നഹ്ദ റിയൽകേരള' സൂപ്പർകപ്പിന് ഗംഭീര തുടക്കം

ജിദ്ദ: വസീരിയയിലെ അൽ താവൂൻ സ്റ്റേഡിയത്തിൽ വിവിധയിനം പരിപാടികളോടെ സൂപ്പർകപ്പിന് തുടക്കമായി. ആദ്യ മത്സരത്തിൽ അബീർ ബ്ലൂസ്റ്റാർ -കംപ്യൂടെക്ക് ഐ.ടി സോക്കർ മത്സരം ഗോൾരഹിത സമനിലയിൽ കലാശിച്ചു. ഗോളിനുവേണ്ടി ഇരു ടീമുകളും പരിശ്രമിച്ചെങ്കിലും ഫലംകണ്ടില്ല. കളിയിലുടനീളം മികച്ച കളികാഴ്ചവെച്ച ബ്ലൂസ്റ്റാറിന്റെ സഫ്വാനാണ് കളിയിലെ താരം.രണ്ടാമത്തെ മത്സരം ഷറഫിയ ട്രേഡിങ് സാബിൻ എഫ്.സി-ബാഹിഗ്രൂപ്പ് ബ്ലാസ്റ്റേഴ്സ് എഫ്.സി മത്സരം അത്യന്തം ആവേശം നിറഞ്ഞതായിരുന്നു. പ്രവചനങ്ങൾക്ക് അതീതമായിരുന്ന മത്സരത്തിൽ ഒടുവിൽ സാബിൻ 2-1ന് വിജയം കരസ്ഥമാക്കി. സാബിന്റെ അസ്ലം കളിയിലെ താരമായി. ടൂർണമെന്റിന്റെ ഉദ്ഘാടന ചടങ്ങിൽ ജിദ്ദയിലെ വിവിധ മേഖലകളിലെ പ്രമുഖർ പങ്കെടുത്തു. ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ ഫിറോസ് ചെറുകോട് സ്വാഗതം പറഞ്ഞു.സിഫ് ആക്റ്റിങ് ജന. സെക്രട്ടറി അയ്യൂബ് മാഷിന്റെ നിയന്ത്രണത്തിൽ നടന്ന ചടങ്ങ് കെ.പി മുഹമ്മദ്കുട്ടി ഉദ്ഘടനം ചെയ്തു. നഹ്ദ ഹയ്പ്പർമാർ കെറ്റ് ഗ്രൂപ്പ് ബോർഡ് മെംബർ നാസർ നാലകത്ത്, മസൂദ് നഹ്ദ, ജെ.എൻ.എച്ച് എം.ഡി മുസ്താഖ്, റംഷീദ് സമ യുണൈറ്റഡ് എം.ഡി, പവർഹൗസ് എം.ഡി ഷാഫി ഗൂഡല്ലൂർ എന്നിവർ മുഖ്യാഥിതികളായിരുന്നു.സിഫ് മുൻ പ്രസിഡന്റ് ഹിഫ്സു റഹ്മാൻ, സിഫ് ട്രഷറർ നിസാം പാപ്പറ്റ, സെക്രട്ടറി അബു കാട്ടുപാറ, സലാം കാളികാവ്, ഹുസൈൻ ചുള്ളിയോട്, ബാവ ബ്ലൂസ്റ്റാർ, ഷിംസീർ കംപ്യൂടെക്ക് എന്നിവർ കളിക്കാരെ പരിചയപ്പെടുകയും, യാസിർ അറഫാത്ത്, അൻവർ കരിപ്പ അനുഗമിക്കുകയും ചെയ്തു. മികച്ച താരങ്ങൾക്ക് ഏഷ്യൻ ടൈംസ് നൽകുന്ന സമ്മനങ്ങൾ സിഫ് വൈസ് പ്രസിഡന്റ് സലീം മമ്പാട്, കെ.സി അബ്ദുറഹ്മാൻ, ജലീൽ കണ്ണമംഗലം എന്നിവർ സമ്മാനിച്ചു. നറുക്കെടുപ്പിലൂടെ ടർമർ നൽകുന്ന സമ്മാനങ്ങൾ നാണി മക്ക, യഹ്യ എന്നിവർ സമ്മാനിച്ചു. ഉദ്ഘടന ചടങ്ങിന് മാറ്റുകൂട്ടാൻ അൻഷിഫ് അബൂബക്കറിന്റെ ടീമിലെ സുഹൈർ, മുഹമ്മദ്, ഇയാദ് റഷീദ്, യാസീൻ, ഷാദിൻ സാഗർ, നിലം നൗഫൽ, റിഷാൻ, സഫ്വാൻ നാസർ എന്നിവരുടെ ഡാൻസ് പ്രകടനവുമുണ്ടായിരുന്നു.



# കൂളിമാട്പാലം താൽക്കാലികമായി ഗതാഗതത്തിനായി തുറന്നുകൊടുത്തു

കൂളിമാട്: കോഴിക്കോട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിച്ച് ചാലിയാർ പുഴക്ക് കുറുകെ കൂളിമാട് കടവിൽ നിർമിച്ച പാലം താൽക്കാലികമായി ഗതാഗതത്തിനായി തുറന്നുകൊടുത്തു. പാലത്തിന്റെ ഉദ്ഘാടനം ഔദ്യോഗികമായി കഴിഞ്ഞിട്ടില്ലെങ്കിലും പൊതുജനങ്ങളുടെ നിരന്തര ആവശ്യം മാനിച്ച് അധികൃതർ ശനിയാഴ്ച രാവിലെ മുതൽ തുറന്നുകൊടുക്കുകയായിരുന്നു. പാലത്തിന് മുകളിലെ പെയിന്റിങ് അടക്കം എല്ലാമിനുക്ക് പണികളും പൂർത്തിയായിട്ടുണ്ട്. അതേസമയം, പാലത്തിൽ ലൈറ്റുകൾ സ്ഥാപിക്കാത്തതിനെതിരേ ജനങ്ങൾ പരാതി ഉന്നയിക്കുന്നുണ്ട്. കൂളിമാട് ഭാഗത്ത് അപ്രോച്ച് റോഡ് ടാറിങ്ങും മറ്റു പ്രവൃത്തികളും മാത്രമാണ് ഇനി പൂർത്തിയാക്കാനുള്ളത്. ഇത് പൂർത്തിയാക്കി ഉടൻ തന്നെ പാലം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും.



ജനങ്ങളുടെ നിരന്തര ആവശ്യം മാനിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്ത കൂളിമാട്പാലത്തിൽ നിന്നുള്ള ദൃശ്യം

# 'മുതിർന്ന പൗരന്മാരുടെ യാത്രാ ഇളവുകൾ പുനഃസ്ഥാപിക്കണം'

കോഴിക്കോട്: മുതിർന്ന പൗരന്മാരുടെ യാത്രാ ഇളവുകൾ പുനഃസ്ഥാപിക്കണമെന്ന് സാന്ത്വം കോഴിക്കോട് ജില്ലാ സമ്മേളനം (വിരമിച്ച എയ്ഡഡ് കോളേജ് അധ്യാപകരുടെ കൂട്ടായ്മ) ആവശ്യപ്പെട്ടു. കോഴിക്കോട് കോർപറേഷൻ മുൻ ഡെപ്യൂട്ടി മേയർ പ്രൊഫ.പി.ടി അബ്ദുൾ ലത്തീഫ് യോഗം ഉദ്ഘാടനം ചെയ്തു. 2016നും 2019 നും ഇടയിൽ റിട്ടയർ ചെയ്ത അധ്യാപകരുടെ ആനുകൂല്യങ്ങൾ അകാരണമായി തടഞ്ഞ് വയ്ക്കരുതെന്നും, ബ്രോക്കൺ സർവീസുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഡോ.യു. ഹേമന്ത് കുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ.കെ.ശശിധരൻ സംസ്ഥാന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രൊഫ. കെ.കെ.അബ്ദുള്ള ചർച്ചകൾക്ക് മറുപടി നൽകി. ഡോ.എൻ.എം സണ്ണി പ്രവർത്തന റിപ്പോർട്ടും വരവുചെലവ് കണക്കും അവതരിപ്പിച്ചു. പ്രൊഫ.എ.ഷാജഹാൻ, ഡോ.പി.എ സുഭ, ഡോ.മിനി പി. ബാലകൃഷ്ണൻ, പ്രൊഫ.മണി പുൽപറമ്പിൽ, പ്രൊഫ. ടി.കെ രാമകൃഷ്ണൻ, പ്രൊഫ.രമണി.സി.ഇ, ഡോ.എൻ.ഇ രാജീവ്,ഡോ. ലാംബർട്ട് കിഷോർ, ഡോ.കെ.വി സുധാകരൻ, പ്രൊഫ.ജയിംസ് മാത്യു, പ്രൊഫ.എ.ഷാജഹാൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സാന്ത്വം കോഴിക്കോടിന്റെ 2023-24 വർഷത്തെ ജില്ലാ ഭാരവാഹികളായി ഡോ.യു.ഹേമന്ത് കുമാർ(പ്രസിഡന്റ്), പ്രൊഫ.മിനി.പി. ബാലകൃഷ്ണൻ, ഡോ. എ.എം.പി ഹംസ, ഡോ.പി.എ സുഭ( വൈസ് പ്രസിഡന്റുമാർ), ഡോ.എൻ.എം.സണ്ണി (സെക്രട്ടറി), ഡോ.എൻ.ഇ രാജീവ് (ജോ.സെക്രട്ടറി) ഡോ.ടി.സി. സൈമൺ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



സാന്ത്വം കോഴിക്കോട് ജില്ലാ സമ്മേളനത്തിൽ നിന്ന്

## മലബാർ എച്ച്.ആർ മീറ്റ് 20ന്

കോഴിക്കോട്: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് കാലിക്കറ്റ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ മലബാർ എച്ച്.ആർ മീറ്റ് 20ന് രാവിലെ 10 മണിക്ക് മലബാർ പാലസിൽ വച്ച് നടക്കുമെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മലബാർ മേഖലയിലെ എച്ച്.ആർ പ്രൊഫഷണലുകളുടെ ഒത്തുചേരലാണ് ഈ പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. എച്ച്.ആർ മേഖലയിലെ പ്രശസ്തർ ഒത്തുചേരലിൽ പങ്കെടുക്കും. താൽപര്യമുള്ളവർ രജിസ്ട്രേഷനായി 9995713140 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്. വാർത്താസമ്മേളനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ് കാലിക്കറ്റ് ഗ്രൂപ്പ് ചെയർമാൻ നിസമുദ്ധീൻ ഫിറോസ്, ഹബീബ് റഹ്മാൻ, ദിനേശ് വർമ എന്നിവർ പങ്കെടുത്തു.

# അധ്യാപകർ ഒരു കാലഘട്ടത്തിന്റെ ആചാര്യൻമാർ: ടി. പത്മനാഭൻ

തലശ്ശേരി: അധ്യാപകർ പഴയ കാലത്ത് ആചാര്യൻമാരായാണ് അറിയപ്പെട്ടിരുന്നതെന്നും ഇന്ത്യൻ രാഷ്ട്രപതിയും മഹാനായ അധ്യാപകനുമായിരുന്ന ഡോ.എസ്.രാധാകൃഷ്ണൻ പഴയ സോവിയേറ്റ് യൂണിയനിൽ അംബാസിഡറായിരുന്നപ്പോൾ ആരെയും വ്യക്തിപരമായി കാണാൻ കൂട്ടാക്കാതെയിരുന്ന സ്റ്റാലിൻ അദ്ദേഹവുമായി ദീർഘ സംഭാഷണം നടത്തിയിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ടി.പത്മനാഭൻ അഭിപ്രായപ്പെട്ടു. ഈ പരമ്പരയുടെ പിൻഗാമികളാണ് തങ്ങളെന്ന് അധ്യാപകർ ഓർക്കേണ്ടതാണെന്ന് അദ്ദേഹം ഓർമിപ്പിച്ചു. പാലയാട് ഗവ.ഹൈസ്കൂൾ പൂർവ വിദ്യാർഥി സംഗമവും അധ്യാപകരെ ആദരിക്കൽ ചടങ്ങും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ രവി അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ വിരമിച്ച ആധ്യാപകരെ ആദരിച്ചു. പൂർവ വിദ്യാർഥികളായ സി.എൻ ചന്ദ്രൻ , സി.പി ഹരീന്ദ്രൻ , വി.പ്രഭാകരൻ, പി.എം പ്രഭാകരൻ , അഡ്വ. എ.പി അശോകൻ , ടി.കെ.ഡി മുഴപ്പിലങ്ങാട്, സെൽവൻ മേലൂർ, കെ.ഷീജ, പി.ടി സനൽ കുമാർ, സി. ഗിരീശൻ , അജയകുമാർ മീനോത്ത്, എം.കെ മജീദ്, ഹസീന ആലിയമ്പത്ത്, വിനയ സി. ദാമു, സ്നേഹ റാണി ,മുൻ അധ്യാപകരായ സി.പി. ശിവൻ, പി. പ്രഭ, എ.വി.സുരേന്ദ്രൻ , പി.എം.നാരായണൻ , ശശിധരൻ കുനിയിൽ, പി.ടി.എ പ്രസിഡന്റ് പി.കെ.ബിജു, സുരഭില പി.കെ , ശ്രീജിത്ത് കുനിയിൽ എന്നിവർ സംസാരിച്ചു. ടി.അനിൽ സ്വാഗതവും ഡോ.കെ. സംഗീത നന്ദിയും പറഞ്ഞു.




പാലയാട് ഗവ.ഹൈസ്കൂൾ പൂർവ വിദ്യാർഥി സംഗമവും അധ്യാപകരെ ആദരിക്കൽ ചടങ്ങും ഉദ്ഘാടനം ചെയ്തു സംസാരിക്കുന്ന സാഹിത്യകാരൻ ടി.പത്മനാഭൻ

## സ്പോർട്സ് കൈറ്റ് പരിശീലനം

കോഴിക്കോട്: നാഷണൽ കൈറ്റ് അക്കാദമി ഡൽഹിയുമായി സഹകരിച്ചുകൊണ്ട് വൺ ഇന്ത്യ കൈറ്റ് ടീം 19 , 20 ദിവസങ്ങളിൽ കോന്നാട് ബീച്ചിൽ പവ്വർ കൈറ്റിൽ പരിശീലനം സംഘടിപ്പിക്കുന്നു. പവ്വർ കൈറ്റിന്റെ ചലനരീതി, കാറ്റിന്റെ ദിശ, കൈയ്യടക്കവും നിയന്ത്രണവും തുടങ്ങി അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. 12 വയസു മുതൽ 35 വയസു വരെയുള്ള സ്ത്രീകൾക്കും പുരുഷൻമാർക്കും പരിശീലനത്തിന് പങ്കെടുക്കാവുന്നതാണ്. താൽപര്യമുള്ളവർ 9995877141, 9809060906 എന്ന നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.

# ശ്രദ്ധേയമായി ത്യാഗരാജ പഞ്ചരത്ന കീർത്തനാലാപനം

മാഹി: ത്യാഗരാജ സ്വാമികളുടെ പഞ്ചരത്ന കൃതികളുടെ ഭാവുകത്വവും ആലാപന സൗഭഗവും സമന്വയിപ്പിച്ച് വിഖ്യാത സംഗീതജ്ഞൻ യു.ജയൻ മാസ്റ്ററുടെ കച്ചേരി ആസ്വാദകർക്ക് നവ്യാനുഭവമായി മാറി. ത്യാഗരാജസ്വാമികൾ രചിച്ച കർണാടക ശാസ്ത്രീയ സംഗീതത്തിലെ അഞ്ച് കൃതികളുടെ കൂട്ടത്തെ ആലാപന ചാരുതയോടെ അവതരിപ്പിച്ചപ്പോൾ, അത് ജഗദാനന്ദ കാരക, ദുഡുകുഗല എന്നെ, സാധിഞ്ചേനെ, ഒപ്പം എൻദരോ മഹാനുഭാവുലു എന്നിവ സംസ്കൃതത്തിലേയും തെലുങ്കിലേയും ഭാഷാ പ്രയോഗത്തിലെ സ്വരരാഗതാളലയങ്ങളുടെ മാധുര്യമെന്തെന്ന് ആസ്വാദകർക്ക് മനസിലാക്കി നൽകി. ജപ സ്കൂൾ ഓഫ് മ്യൂസിക്കിന്റെ ദ്വിദിന വാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ത്യാഗരാജ പഞ്ചരത്ന കീർത്തനാലാപനം സംഘടിപ്പിച്ചത്. മുൻ മന്ത്രി സി.കെ.നാണു ഭദ്രദീപം തെളിയിച്ചാണ് മുപ്പതാംവാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള സംഗീതോത്സവസമാപന സമ്മേളനത്തിന് തുടക്കമായത്. അഡ്വ.ഇ.നാരായണൻ നായർ അധ്യക്ഷത വഹിച്ചു. സംഗീതരത്നം കാഞ്ഞങ്ങാട് രാമചന്ദ്രൻ, പിന്നണി ഗായകൻ പ്രേംകുമാർ, ചാലക്കര പുരുഷു നഗരസഭാംഗം പ്രേമകുമാരി , അഡ്വ. സുബിൻ, മണലിൽ മോഹനൻ, സുരേഷ് ബാബു വട്ടോളി, മണലിൽ മധു സംസാരിച്ചു. കലാ-സംഗീത പ്രതിഭകൾക്ക് സമ്മാനദാനവുമുണ്ടായി. ഭക്തിഗാനമൃതം, ഗാനമേള എന്നിവയുമുണ്ടായി.



ജപ സ്കൂൾ ഓഫ് മ്യൂസിക്കിന്റെ ദ്വിദിന വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയ ത്യാഗരാജ പഞ്ചരത്ന കീർത്തനാലാപനത്തിൽ നിന്ന്




തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമവും ആശ്വാസവും



രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് യാഥാർത്ഥ്യമാക്കി കേരള സർക്കാർ

ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി




2023 മെയ് 15 രാവിലെ 10
കോട്ടമൈതാനം, പാലക്കാട്

അദ്ധ്യക്ഷൻ
എം.ബി. രാജേഷ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി

എം.പി, എം.എൽ.എമാർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും

അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

- 60 വയസ്സു മുതൽ പെൻഷൻ
- 10 വർഷത്തിൽ കുറയാതെ അംശദായം അടച്ച അംഗം മരണപ്പെട്ടാൽ കുടുംബപെൻഷൻ അസുഖം / അപകടം മൂലം മരണപ്പെട്ടാൽ ധനസഹായം
- അംഗഭംഗം / അവശത മൂലം നിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടി വന്നാൽ അടച്ച അംശദായതുക പലിശ സഹിതം തിരികെ ലഭിക്കും
- ഗുരുതര രോഗം ബാധിച്ചവർക്ക് ചികിത്സാധനസഹായം
- വനിതകളുടെ / പെൺമക്കളുടെ വിവാഹം, വനിതാ അംഗങ്ങളുടെ പ്രസവം എന്നിവയ്ക്ക് ധനസഹായം
- മക്കളുടെ പഠനത്തിന് ധനസഹായം

യോഗ്യത

- പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18 വയസ് പൂർത്തിയായ 55 വയസിന് താഴെ പ്രായമുള്ളവർക്ക് അംഗത്വം.
- അപേക്ഷിക്കുന്ന വർഷമോ, അതിന് തൊട്ട് മുൻപുള്ള രണ്ട് വർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് 20 ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിൽ ചെയ്തവരാകണം

നൂറ് ദിന പരിപാടിയിൽ സാധ്യമാക്കിയത് 2000 കുളങ്ങൾ, നീർത്തട സംരക്ഷണത്തിന് നീരുറവ് പദ്ധതി, 53 അംഗനവാടികൾ, 74 വർക്ക് ഷെഡുകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ

- 20.67 ലക്ഷം കുടുംബങ്ങളിലായി 24.95 ലക്ഷം ആക്ടീവ് തൊഴിലാളികൾ
- 15.51 കുടുംബങ്ങളിലെ 17.59 ലക്ഷം പേർക്ക് തൊഴിൽ
- ശരാശരി 63 തൊഴിൽദിനങ്ങൾ ദേശീയശരാശരി 47.84 തൊഴിൽദിനങ്ങൾ
- പട്ടികവർഗ കുടുംബങ്ങൾക്ക് ശരാശരി 86 തൊഴിൽ ദിനങ്ങൾ ലഭിച്ചു. രാജ്യത്തെ ശരാശരി 52
- 29% കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചു. ദേശീയശരാശരി 5%
- 4.49 ലക്ഷം കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചു
- 100 ദിനങ്ങൾ തൊഴിൽ ചെയ്ത കുടുംബങ്ങൾക്ക് എല്ലാ വർഷവും സംസ്ഥാന സർക്കാരിന്റെ ഓണം അലവൻസ്. 2022-23ൽ നൽകിയത് 5,12,822 പേർക്ക്
- സമ്പൂർണ സോഷ്യൽ ഓഡിറ്റ് നടപ്പാക്കി
- പട്ടികവർഗ കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം അധികമായി നൽകുന്ന ട്രൈബൽ പ്ലസ് സംസ്ഥാന പദ്ധതി രാജ്യത്തിന് മാതൃക, 29,083 ട്രൈബൽ കുടുംബങ്ങൾക്ക് 100+ ന്റെ ആനുകൂല്യം, 3312 ട്രൈബൽ കുടുംബങ്ങൾക്ക് 200 തൊഴിൽ ദിനങ്ങൾ

മഹാത്മാ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

- 3,18,463 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്
- 41,11,753 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു

| ക്ഷേമനിധി നിയമം- 2021 നവംബർ 15 മുതൽ പ്രാബല്യം | അംശദായം തൊഴിലാളി വിഹിതം പ്രതിമാസം 50 രൂപ | സർക്കാർ വിഹിതം പ്രതിമാസം 50 രൂപ |
|---|---|---|





ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

LSGD
എന്റെ കേരളം എന്റെ അഭിമാനം
STAY SAFE ONLINE
G20 भारत 2023 INDIA
वसुधैव कुटुम्बकम्
ONE EARTH • ONE FAMILY • ONE FUTURE

Contact with CM fb.me/cmokerala twitter.com/cmokerala PRD Live Mobile App /keralainformation PRD Media Handbook App


RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.